بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 29.10.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

ഹദ്റത്ത് **ഉമറുബ്നുൽ ഖത്താബ്** (റ) ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിവരണങ്ങൾ

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ
نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ൽ നിന്നുള്ള നിവേദനം, നബി(സ) തിരുമേനി സ്വർഗവാസികളെന്നു സുവാർത്ത നൽകിയ പത്തു പേരിൽ ഹദ്റത്ത് ഉമർ(റ)നെ കൂടാതെയുള്ളവർ അബൂബക്കർ, ഉസ്മാൻ, അലി, ത്വൽഹ, സുബൈർ, അബ്ദുറഹ് മാനുബ്നു ഔഫ്, സഅദുബ്നു അബീവഖാസ്, സഈദുബ്നു സൈദ്, അബൂ ഉബൈദാ ഇബ്നു ജറാഹ്(റ) എന്നിവർ ഉൾപ്പെടുന്നു. ഹദ്റത്ത് അബൂമൂസ വിവരിക്കുന്നു: ഞാൻ നബി(സ)യോടൊപ്പം ഒരു തോട്ടത്തിലായിരുന്നു. ആ സമയത്ത് ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും(റ) അവിടേക്ക് വന്നു. നബി(സ) തിരുമേനിയുടെ കല്പനപ്രാകാരം ഞാൻ അവർക്ക് സ്വർഗത്തെക്കുറിച്ചുള്ള സുവാർത്ത കേൾപ്പിച്ചു. അപ്പോൾ അവർ *അൽഹംദുലില്ലാഹ്* എന്നു പറഞ്ഞു. എന്നാൽ ഹദ്റത്ത് ഉസ്മാനെ സംബന്ധിച്ച് നബി(സ) തിരുമേനി പറഞ്ഞു: അദ്ദേഹത്തിന് ഒരു ആപത്ത് വരുമെങ്കിലും അദ്ദേഹത്തിനും സ്വർഗത്തിന്റെ സുവാർത്ത അറിയിക്കുക. ഹദ്റത്ത് ഉസ്മാനും *അൽഹംദുലില്ലാഹ്* എന്നു പറഞ്ഞു. അനന്തരം പറഞ്ഞു: ആപത്തുകളിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടി അല്ലാഹുവിനോടു തന്നെ സഹാമഭ്യർഥിക്കുക.

ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: ഒരിക്കൽ മയക്കത്തിൽ ഞാനെന്നെ സ്വയം സ്വർഗത്തിലെ ഒരു മാളികയുടെ അടുത്ത് നിൽക്കുന്നതായി കണ്ടു. അന്വേഷിച്ചപ്പോൾ അത് ഹദ്റത്ത് ഉമർ(റ)ന്റെ കൊട്ടാരമാണെന്നു മനസ്സിലായി. അദ്ദേഹത്തിന് ലജ്ജ തോന്നുമെന്ന് ഓർത്ത് ഞാൻ തിരിച്ചുവന്നു. ഇതു കേട്ട് ഹദ്റത്ത് ഉമർ കരയാൻ തുടങ്ങി, എന്നിട്ടു പറഞ്ഞു: യാറസൂലല്ലാഹ് ഞാൻ താങ്കളോട് ലജ്ജ കാണിക്കുമെന്നോ? താങ്കൾ എന്തിനാണ് തിരിച്ചുവന്നത് അവിടം അനുഗ്രഹീതമാക്കാമായിരുന്നു. ഹദ്റത്ത് അബൂ സഈദ് ഖുദ്‌രി(റ) നിവേദനം ചെയ്യുന്നു: ഇല്ലിയ്യീനിൽനിന്ന് ആരെങ്കിലും സ്വർഗവാസികളെ എത്തിനോക്കുകയാണെങ്കിൽ അവരുടെ മുഖത്തെ പ്രകാശം നിമിത്തം സ്വർഗം പ്രശോഭിതമാകുന്നതാണ്. ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും(റ) അക്കൂട്ടരിൽപ്പെട്ടവരാണ്. ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും(റ) പ്രവാചകന്മാരുടെയും ദൈവനിയോഗിതന്മാരുടെയും നേതാക്കാളാണെന്നു മാത്രമല്ല സ്വർഗത്തിലെ അവ്വലീങ്ങളും ആഖിരീങ്ങളുമായ മുതിർന്നവരായ എല്ലാവരുടെയും നേതാക്കളുമായിരിക്കും.

ഹദ്റത്ത് അബൂഹുറൈറ(റ) വിവരിക്കുന്നു: നബി(സ) തിരുമേനി പറഞ്ഞു: ഉമറുബ്നു ഖത്വാബ് സ്വർഗത്തിലെ വിളക്കാകുന്നു .

ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ(റ) വിവരിക്കുന്നു: നബി(സ) പറഞ്ഞു: എനിക്കുശേഷം ആരെങ്കിലും നബിയാകുമായിരുന്നെങ്കിൽ ഉമറുബ്നു ഖത്വാബ്(റ) തീർച്ചയായും ആകുമായിരുന്നു. ഹദ്റത്ത് ആയിശയുടെയും ഹദ്റത്ത് അബൂഹുറൈറയുടെയും(റ) നിവേദനമാണ്. നബി(സ) തിരുമേനി പറഞ്ഞു; എന്റെ ഉമ്മത്തിൽ ആരെങ്കിലും മുഹദ്ദസ് ആയിട്ടുണ്ടെങ്കിൽ അത് ഉമറുബ്നു ഖത്വാബ്(റ) ആകുന്നു. മുഹ്ദസ് എന്നാൽ അധികമായി വെളിപാടുകളും ജാഗ്രതാദർശനങ്ങളും ഉണ്ടാകുന്ന വ്യക്തി. നബി(സ) പറഞ്ഞു: നിങ്ങൾക്കു മുമ്പ് ബനീ ഇസ്റാഈലിലും അത്തരം ആളുകളുണ്ടായിരുന്നു അവർ പ്രവാചകൻമാർ അല്ലെങ്കിൽകൂടി അവരോട് അല്ലാഹു ഭാഷണം നടത്തിയിരുന്നു. എന്റെ ഉമ്മത്തിലും അത്തരം ആളുണ്ടെങ്കിൽ അത് ഉമർ(റ) ആകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു ആലങ്കാരിക പ്രയോഗങ്ങൾ ഉപയോഗിക്കുന്നു. സ്വഭാവം, സവിശേഷത, കഴിവ് എന്നിവയനുസരിച്ച് ഒന്നിന്റെ നാമം മറ്റൊന്നിന് നൽകുന്നു. ഒരു ഹദീസ് അനുസരിച്ച് ഏതൊരു വ്യക്തിയുടെ ആത്മിയാവസ്ഥയാണോ ഉമറിനോട് സമാനത പുലർത്തുന്നത് അയാൾ അത്തരം ഘട്ടങ്ങളിൽ മുഹദ്ദസ് ആകുന്നു. ആയതിനാൽ ഈയുള്ളവനും ഒരിക്കൽ ഇപ്രകാരം വെളിപാടുണ്ടായി انت محدث الله فيك مادة فاروقية (അൻത മുഹദ്ദസുല്ലാഹ് ഫീക്ക മാദത്തുൻ ഫാറൂഖിയഃ) അതായത് നീ അല്ലാഹുവിന്റെ മുഹദ്ദസ് ആകുന്നു ഫാറൂഖിന്റെ സ്വഭാവഗുണം നിന്നിലുണ്ട്.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലത്ത് യമാമാ യുദ്ധത്തിൽ എഴുപത് ഖുർആൻ ഹാഫിളുമാർ ശഹീദായപ്പോൾ ഹദ്റത്ത് ഉമർ(റ) വിശുദ്ധ ഖുർആൻ ക്രോഡീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും അഭിപ്രായം നൽകിയിരുന്നു.

തുടർന്ന് സൈദുബ്നു സാബിത്ത്(റ) ക്രോഡീകരണ ജോലി ആരംഭിച്ചു. ഹദ്റത്ത് ഉമർ(റ)ന്റെ വിശുദ്ധ ഖുർആൻ മനഃപ്പാഠത്തെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ) തിരുമേനിയുടെ മുഹാജിറുകളായ സ്വഹാബാക്കളിൽ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, ത്വൽഹ, സഅദ്, ഇബ്നു മസ്ഊദ്, ഹുദൈഫ, സാലിം, അബൂഹുറൈറ, അബ്ദുല്ലാഹിബ്നു സാഇബ്, അബ്ദുല്ലാഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നു അബ്ബാസ് എന്നിവർ ഖുർആൻ മനഃപ്പാഠമാക്കിയതായി തെളിവുണ്ട്.

നബി(സ) തിരുമേനിക്കുണ്ടായ ചില വെളിപാടുകൾ ഉമറിനോട് യോജിപ്പുള്ളതായിരുന്നു. സിഹാഹുസ്സിത്തയിലെ നിവേദനപ്രകാരം ഹദ്റത്ത് ഉമർ(റ) മൂന്നു കാര്യത്തിൽ ഇത്തരത്തിൽ യോജിപ്പ് ഉള്ളതായി കാണാം. സിഹാഹുസ്സിത്തയിലെ എല്ലാ നിവേദനങ്ങളെയും ഒരുമിച്ചെടുത്തു നോക്കിയാൽ ഇത്തരത്തിൽ ഏഴ് എണ്ണം ഉള്ളതായി കാണാം. സ്വഹീഹ് ബുഖാരിയിലെ നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ഉമർ(റ) പറഞ്ഞു: എന്റെ മൂന്നു കാര്യങ്ങൾ എന്റെ റബ്ബിന്റെ ഇഷ്ടത്തിനനുസൃതമായിരുന്നു. ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ് മഖാമെ ഇബ്റാഹീമിനെ നമസ്കാരസ്ഥലമാക്കിയിരുന്നെങ്കിൽ നന്നായിരുന്നു. അപ്പോൾ وَاتَّخِذُوا مِن مَّقَامِ إِبْرَاهِيمَ مُصَلًّى (വത്തഖിദൂ മിമ്മഖാമി ഇബ്റാഹീമ മുസ്വല്ലാ) എന്ന ആയത്തിറങ്ങി. അതുപോലെ ഞാൻ പറഞ്ഞു; യാ റസൂലല്ലാഹ് താങ്കൾ താങ്കളുടെ പത്നിമാരോട് പർദ ധരിക്കാൻ കല്പിച്ചാലും, കാരണം നല്ലയാളുകളും ചീത്തയാളുകളും അവരുമായി സംസാരിക്കുന്നു. അപ്പോൾ പർദയെക്കുറിച്ചുള്ള ആയത്തിറങ്ങി. പിന്നീട് നബി(സ) തിരുമേനിയുടെ പത്നിമാർ നബിതിരുമേനിയോട് അഭിപ്രായ ഭിന്നത പ്രകടിപ്പിച്ചപ്പോൾ ഹദ്റത്ത് ഉമർ(റ) പറയുകയാണ് ഞാൻ നബിതിരുമേനിയുടെ തന്റെ മകളും ഉൾപ്പെടുന്ന പത്നിമാരോട് പറഞ്ഞു: നബി(സ) നിങ്ങളെ ത്വലാഖ് ചെയ്യുന്ന പക്ഷം അല്ലാഹു അദ്ദേഹത്തിന് നിങ്ങളെക്കാളും നല്ല പത്നിമാരെ പകരമായി നൽകുന്നതാണെന്ന് എനിക്ക് വിശ്വാസമുണ്ട്. അപ്പോൾ ഈ ഈ ആയത്ത് അവതരിച്ചു. عَسَىٰ رَبُّهُ إِن طَلَّقَكُنَّ أَن يُبْدِلَهُ أَزْوَاجًا خَيْرًا مِّنكُنَّ (അസാ റബ്ബുഹൂ ഇൻ തല്ലഖകുന്ന അൻയ്യുബ്ദിലഹൂ അസ്‌വാജൻ ഖൈറമ്മിൻകുന്ന്) അദ്ദേഹം നിങ്ങളെ വിവാഹ മോചനം ചെയ്യുന്നതായാൽ അദ്ദേഹത്തിന്റെ നാഥൻ നിങ്ങൾക്കു പകരമായി നിങ്ങളേക്കാൾ ഉത്തമ പത്നിമാരെ നൽകുന്നതാണ്. സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദന പ്രകാരം ഹദ്റത്ത് ഉമർ(റ)ന് കപടവിശ്വാസികളുടെ ജനാസ നമസ്കരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വെളിപാട് വിശുദ്ധഖുർആനിലെ അധ്യാപനവുമായി സാമ്യമുള്ളതായി കാണുന്നു. മദ്യം നിഷിദ്ധമാക്കിയതുമായി ബന്ധപ്പെട്ടുള്ള ഹദ്റത്ത് ഉമറിന്റെ വെളിപാടും വിശുദ്ധ ഖുർആനിലെ കല്പനയുമായി യോജിച്ചതായി തിർമിദിയിൽ കാണുന്നു. സിഹാഹുസ്സിത്തയിലുള്ള ഈ യോജിപ്പുകൾക്കു പുറമെ ജീവചരിത്രകാരൻമാരും ചില സാമ്യതകളെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. അല്ലാമാ സുയൂത്തി ഇത്തരത്തിൽ ഇരുപതോളം യോജിപ്പുള്ള കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് ഉമർ(റ)ന് സ്വാഹാബാക്കൾക്കിടയിൽ ഹദ്റത്ത് ഉമർ(റ)നുണ്ടായിരുന്ന സ്ഥാനം എത്ര ഉന്നതമായിരുന്നുവെന്നാൽ ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കുന്ന വിശുദ്ധഖുർആനിലെ ആയത്തുകൾ ഇറങ്ങുമായിരുന്നു. അതുപോലെ ഒരു ഹദീസ് ഉണ്ട്, ശൈത്വാൻ ഉമറിന്റെ നിഴലിനെപ്പോലും ഭയന്നോടുന്നു. മറ്റൊരു ഹദീസ് ഇപ്രകാരമാണ്, എനിക്ക് ശേഷം ഒരു നബി ഉണ്ടാകുമായിരുന്നെങ്കിൽ അത് ഉമർ(റ) ആകുമായിരുന്നു. അതുപോലെ മറ്റൊരു ഹദീസ് ഇങ്ങനെയുമുണ്ട്, മുൻസമുദായങ്ങളിൽ മുഹദ്ദസുമാർ ഉണ്ടായിരുന്നു എന്റെ ഉമ്മത്തിൽ ആരെങ്കിലും മുഹദ്ദസ് ആയിട്ടുണ്ടെങ്കിൽ അത് ഉമർ(റ) ആകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു സ്വഹാബിയായ അബ്ദുല്ലാഹിബ്നു സൈദിന് വഹ്‌യ് മുഖേന ബാങ്ക് പഠിപ്പിച്ചു. ഹദ്റത്ത് ഉമർ(റ) പറയുന്നു: എനിക്കും അല്ലാഹു ഇതേ ബാങ്ക് തന്നെ പഠിപ്പിച്ചിരുന്നു എന്നാൽ മറ്റാരോ ഇക്കാര്യം നബി(സ)തിരുമേനിയോട് വിവരിച്ചിട്ടുണ്ടെന്ന് കരുതി ഞാൻ ഇരുപതു ദിവസത്തോളം ഞാൻ അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. സുനൻ തിർമിദിയിലെ ഒരു നിവേദനമാണ്: ഹദ്റത്ത് ഉമർ(റ) തന്റെ സ്വപ്നത്തെക്കുറിച്ച് നബി(സ) തിരുമേനിയോടു പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: ഇപ്പോൾ കാര്യം കൂടുതൽ പ്രബലമായിരിക്കുന്നു കൂടുതൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് നബി(സ) തിരുമേനിയെ ബഹുമാനിച്ചിരുന്നതിനെക്കുറിച്ച് ഹദ്റത്ത് ഇബ്നു ഉമർ(റ)ൽ നിന്നുള്ള നിവേദനത്തിൽ പറയുന്നു: അതായത് ഹദ്റത്ത് ഇബ്നു ഉമർ(റ) നബി(സ)തിരുമേനിയുടെ കൂടെ യാത്രയിലായിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ ഒട്ടകപ്പുറത്തായിരുന്നു യാത്ര. വേഗതയുള്ള ഒട്ടകമായിരുന്നതിനാൽ നബി(സ) തിരുമേനിയുടെ ഒട്ടകത്തിനു മുന്നിലായിപ്പോകുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് ഉമർ(റ) പറയുമായിരുന്നു: അബ്ദുല്ലാഹ്, ആരും നബിതിരുമേനി(സ)യെ മറികടക്കാൻ പാടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരിക്കൽ ഹദ്റത്ത് ഉമർ(റ) നബി(സ) തിരുമേനിയുടെ വീട്ടിൽ പോയപ്പോൾ പായയിൽ കിടന്ന കാരണത്താൽ തിരുമേനിയുടെ പുറംമേനിയിൽ കിടക്കപ്പായയുടെ പാടുകൾ കണ്ടു (കരഞ്ഞുകൊണ്ട്) ഉമർ(റ) പറഞ്ഞു: കൈസറും കിസ്രായുമൊക്കെ സുഖകരമായ ജീവിതം നയിക്കുന്നു താങ്കൾ പ്രയാസത്തിലും. നബി(സ) തിരുമേനി പറഞ്ഞു: എനിക്ക് ഈ ദുനിയാവുമായി എന്തുകാര്യം. എന്റെ സ്ഥിതി ഉഷ്ണസമയത്ത് ഒട്ടകപ്പുറത്തു സഞ്ചിക്കുന്ന ഒരു സഞ്ചാരിയെപ്പോലെയാണ്. നട്ടുച്ചയ്ക്ക് ഉഷ്ണം സഹിക്കവയ്യാതെ യാത്രാമൃഗത്തിന്റെ പുറത്തിരുന്നുകൊണ്ടുതന്നെ ഒരു മരത്തണലിൽ ഏതാനും നിമഷങ്ങൾ കഴിച്ചുകൂട്ടി വീണ്ടും യാത്ര തുരരുന്ന ഒരുവന്റെ സ്ഥിതിപോലെയാണ്.

ഒരിക്കൽ ഹദ്റത്ത് ഉമർ(റ) നബി(സ) തിരുമേനിയോട് ഉംറ

നിര്‍വ്വഹിക്കുന്നതിനായി അനുമതി തേടി. അവിടന്ന് അനുവാദം നല്‍കിക്കൊണ്ടു പറഞ്ഞു: സഹോദരാ നമ്മെയും ദുആയില്‍ ഓര്‍ക്കുക. ഹദ്‌റത്ത് ഉമര്‍(റ) പറയുന്നു: ഈവചനം എത്രമാത്രം സന്തോഷകരമായിരുന്നെന്നാല്‍ അതിനുപകരമായി മുഴുലോകം തന്നെ എനിക്കു ലഭിച്ചാലും ഞാനത്ര സന്തോഷിക്കുകയില്ല.

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ) തിരുമേനി വഫാത്തായപ്പോള്‍ ഹദ്‌റത്ത് ഉമര്‍(റ) ധരിച്ചത് അവിടന്ന് ജീവിച്ചിരിക്കുന്നു വീണ്ടും ലോകത്ത് വരുന്നതാണ് എന്നാണ്. അതിനെതിരായി ശബ്ദിക്കുന്നവന്റെ ശിരച്ഛേദം നടത്താന്‍ അദ്ദേഹം ഒരുങ്ങിയിരിക്കുകയായിരുന്നു. ഹദ്‌റത്ത് അബൂബക്കര്‍(റ) സ്വഹാബാക്കളുടെ മുമ്പാകെ ഈ ആയത്ത് ഓതി, وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ (വമാ മുഹമ്മദുന്‍ ഇല്ലാ റസൂലുന്‍ ഖദ് ഖലത്ത് മിന്‍ഖബ് ലിഹിറുസുല്‍.) ഹദ്‌റത്ത് ഉമര്‍(റ) പറയുകയാണ്: അപ്പോള്‍ എന്റെ കാലുകള്‍ വിറച്ചു അതിന്റെ ആഘാതത്തില്‍ ഞാന്‍ തറയില്‍ വീണു. വേറെ ഏതെങ്കിലും പ്രവാചകന്‍ ജീവിച്ചിരിപ്പുണ്ടെങ്കില്‍ ഈ വിശദീകരണം ശരിയാകുമായിരുന്നില്ല. ഹദ്‌റത്ത് ഉമറിനു പറയാമായിരുന്നു, ഹദ്‌റത്ത് മസീഹ് ഇപ്പോള്‍ ആകാശത്ത് ജീവിച്ചിരിക്കുന്നുണ്ട്  പിന്നെ നബി(സ) തിരുമേനി എന്തുകൊണ്ട് ജീവിച്ചുകൂടാ. എന്നാല്‍ സ്വഹാബാക്കളുടെ മൗനം ഹദ്‌റത്ത് മസീഹ് മരിച്ചുപോയിരിക്കുന്നു എന്നതിനു തെളിവാണ്.

ഹദ്‌റത്ത് ഉമര്‍(റ) നബി(സ) തിരുമേനിയെ പരിപൂര്‍ണമായും അനുധാവനം ചെയ്തിരുന്നു. ഹജറെ അസ്‌വദിനെ നോക്കിക്കൊണ്ട് പറയുമായിരുന്നു; നബി(സ) നിന്നെ മുത്തുന്നതായി ഞാന്‍ കണ്ടില്ലായിരുന്നുവെങ്കില്‍ ഞാനൊരിക്കലും നിന്നെ മുത്തുമായിരുന്നില്ല. നബി(സ) തിരുമേനി തടവുകാരെ മോചിപ്പിച്ചപ്പോള്‍ ഹദ്‌റത്ത് ഉമറും(റ) ഒരു സ്ത്രീയെ മോചിപ്പിച്ചു. നബി(സ) തിരുമേനി കപടവിശ്വാസികളുടെ ഒരു സംഘത്തിന്റെ പേരെടുത്തുകൊണ്ട് അവരുടെ ജനാസ നമസ്കരിക്കാന്‍ പാടില്ല എന്ന് ഹദ്‌റത്ത് ഹുദൈഫ(റ)യോട് പറഞ്ഞു.

അതുകൊണ്ടുതന്നെ ഹദ്‌റത്ത് ഉമര്‍(റ) തന്റെ ഖിലാഫത്തുകാലത്ത് ഹദ്‌റത്ത് ഹുദൈഫ(റ) നമസ്കരിക്കുന്നവരുടെ ജനാസ നമസ്കാരം മാത്രമേ നിര്‍വഹിച്ചിരുന്നുള്ളൂ. അല്ലാത്ത പക്ഷം ജനാസ നമസ്കരിക്കുമായിരുന്നില്ല. ഹദ്‌റത്ത് ഉമര്‍(റ), നബി(സ)തിരുമേനിയുടെ പ്രവചനം പ്രത്യക്ഷത്തില്‍ പൂര്‍ത്തിയാക്കുന്നതിനുവേണ്ടി കിസ്റായുടെ വള ഒരു സ്വഹാബിയുടെ കയ്യിലണിയിക്കുകയുണ്ടായി.

ഹദ്‌റത്ത് സൈനുല്‍ആബിദീന്‍ വലിയുല്ലാഹ് ഷാഹ് സാഹിബ് നബി(സ)തിരുമേനിയുടെ ഒരു ദര്‍ശനത്തെ തെളിവായി ഉദ്ധരിച്ചുകൊണ്ട് പറയുന്നു: ഹദ്‌റത്ത് ഉമര്‍(റ) മുഖേന മുസ്‌ലിംകള്‍ക്കു കരകതമായ വിജയങ്ങളും മഹത്വങ്ങളും ഹദ്‌റത്ത് ഉമര്‍(റ)ന് ലഭിച്ച നബി(സ)യുടെ അവശേഷിക്കുന്ന ജ്ഞാനത്തിന്റെ ഫലമായാണ്. ഹദ്‌റത്ത് മാലികുബ്‌നു അഗ്‌വാല്‍(റ)ല്‍നിന്നുള്ള നിവേദനം ഹദ്‌റത്ത് ഉമര്‍(റ)പറഞ്ഞു: നിങ്ങളുടെ കണക്കെടുപ്പിനു മുമ്പായി നിങ്ങളുടെസ്വന്തം കണക്കുകള്‍ ശരിയാക്കുക. നിങ്ങളെ അളന്നുനോക്കുന്നതിനു മുമ്പായി നിങ്ങളുടെ സ്വന്തം മനസ്സിനെ  അളന്നുനോക്കുക.  എല്ലാറ്റിലുമുപരിയായി നിങ്ങള്‍ സമര്‍പ്പിക്കപ്പെടുന്ന നാളിനുവേണ്ടി തയ്യാറാകുക. ഹദ്‌റത്ത് അനസുബ്‌നു മാലിക്(റ) വിവരിക്കുന്നു:  ഞാന്‍ ഹദ്‌റത്ത് ഉമര്‍(റ)നെ അദ്ദേഹം അമീറുല്‍മുഅ്മിനീന്‍ ആയിരുന്ന സമയത്ത് അദ്ദേഹത്തിന്റെ  വസ്ത്രത്തില്‍ തോളിന്റെ മധ്യത്തിലായി തുകല്‍കൊണ്ട് നാലിടത്ത് തുന്നിച്ചേര്‍ത്തത് കാണുകയുണ്ടായി.

ഹുസൂര്‍ അയ്യദഹുല്ലാഹു പറഞ്ഞു: ഈ വിവരണം ഇനിയും തുടരുന്നതാണ്. ഇന്‍ശാ അല്ലാഹ്.

ഖുത്‌ബയുടെ അവസാനത്തില്‍ ഹുസൂര്‍ അയ്യദഹുല്ലാഹു റബ്‌വയിലെ ഫസലെ ഉമര്‍ ആശുപത്രിയിലെ ബഹുമാന്യ ഡോക്ടര്‍ തഅ്‌സീര്‍ മുജ്‌തബ സാഹിബ് വഫാത്തായ വിവരം പറഞ്ഞു. അദ്ദേഹത്തിന്റെ ദീസീസേവനങ്ങള്‍ വിവരിച്ചുകൊണ്ട് അനുസ്മരിക്കുകയും ചെയ്തു. ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis (atba)**
at Mubarak Mosque, Islamabad, UK – on 29.10.2021
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516